(ഡി) ഇതു സംബന്ധിച്ച കേരള നിയമസഭ പാസാക്കിയ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ 'കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട്-1999' പാസാക്കിയിട്ടുണ്ട്. ആയത് പ്രകാരം അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ തലത്തിൽ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) അന്യാധീനപ്പെട്ട പട്ടിക വർഗ്ഗക്കാരുടെ ഭൂമി തിരിച്ചുപിടിക്കുന്നതിനും കൈമാറ്റങ്ങൾ നിയന്ത്രിക്കുന്നതിനുമായി കേരള നിയമസഭ പാസ്സാക്കിയ 1999-ലെ Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act-ന് 9-3-1999-ന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. State of Kerala vs Peoples Union for Civil Liberties, Kerala State Unit and Others (JT 2009(9)Sc 573) എന്ന കേസിൽ ബഹു.സുപ്രീം കോടതി രാഷ്ട്രപതിയുടെ അംഗീകാരം പ്രസ്തുത ആക്ടിന് ആവശ്യമില്ലെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങൾ-വില്ലേജുതല മാപ്പിംഗ്

18 (*675) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങൾ പ്രതിരോധിക്കാൻ വില്ലേജുതല മാപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ദുരന്തങ്ങൾ കണ്ടെത്തുന്നതിനുള്ള മാപ്പിംഗാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മാപ്പിംഗിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കുവേണ്ടി എന്തെല്ലാം മുൻകരുതൽ നടപടികളാണ് ഒരുക്കിക്കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ആരംഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വേണ്ടി ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ സാമൂഹ്യാധിഷ്ഠിത ദുരന്തനിവാരണ പദ്ധതി നടപ്പിലാക്കാനാണ് ദുരന്തനിവാരണ അതോറിറ്റി ലക്ഷ്യമിട്ടിട്ടുള്ളത്.

വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

16 (*676) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പൊതുജനങ്ങൾ ധാരാളമായി കടന്നുവരുന്ന സർക്കാർ ആഫീസുകളിൽ പൊതു ജനസേവനം സുഗമവും, കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly